പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 389 — 11.12.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി മുൻകൂറായി ബുക്ക് ചെയ്യൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. കെ. രാജു :<br>ശ്രീമതി ഗീതാ ഗോപി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | ആറു മാസം മുതൽ ഒരു വർഷം വരെ വൈദ്യുതി ലഭ്യമാക്കുന്നതിന് പവർ ട്രേഡിംഗ് കോർപ്പറേഷനിൽ മുൻകൂറായി ബുക്ക് ചെയ്യുന്നതിന് വൈദ്യുതി ബോർഡിന് നിയമ തടസ്സമുണ്ടോ ; ഇല്ലെങ്കിൽ എത്ര മെഗാവാട്ട് വരെ ഇത്തരത്തിൽ ബുക്ക് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഇപ്രകാരം എത്ര മാത്രം വൈദ്യുതി മുൻകൂറായി ബുക്ക് ചെയ്തു ; | (എ) | ആറു മാസം മുതൽ ഒരു വർഷം വരെ വൈദ്യുതി ലഭ്യമാക്കുന്നതിന് മുൻകൂർ ബുക്ക് ചെയ്യുന്നതിന് നിയമപരമായി തടസ്സമില്ല. ഇപ്രകാരം ബുക്ക് ചെയ്യുന്ന വൈദ്യുതിയുടെ അളവിന് പരിധിയില്ല. എന്നാൽ സംസ്ഥാനത്തേയ്ക്കുള്ള അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ നിലവിലുള്ള ശേഷിക്ക് അനുസൃതമായേ മുൻകൂറായി വൈദ്യുതി ബുക്ക് ചെയ്യാൻ സാധിക്കൂ. ഇപ്പോൾ മുൻകൂറായി ബുക്ക് ചെയ്തിട്ടുള്ള വൈദ്യുതിയുടെ കണക്ക് അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. |
| (ബി) | പ്രതിസന്ധി കാലത്ത് കുറഞ്ഞ വിലയ്ക്ക് പുറത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | ഈ കാലയളവിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കെ. എസ്. ഇ. ബി നിരവധി ടെൻഡറുകൾ വിളിച്ചു. തത്ഫലമായി 2012 ജൂൺ 1 മുതൽ 2013 മെയ് 31 വരെ എൻ. വി. വി. എൻ, പി. റ്റി.സി, ഗ്ലോബൽ എന്നിവരിൽ നിന്നും 650 മെഗാവാട്ട് വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടു. 2012 സെപ്റ്റംബർ 30 മുതൽ 2012 നവംബർ 30 വരെ മിത്തൽ പവറുമായി 30 മെഗാവാട്ട് വാങ്ങുന്നതിന് കരാറിലേർപ്പെട്ടു. 2012 നവംബർ 1 മുതൽ 2013 മാർച്ച് 31 വരെ പി. റ്റി. സി യുമായി 100 മെഗാവാട്ട് വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടു. ഇതിനോടൊപ്പം തന്നെ 150 മെഗാവാട്ട് പവർ 2012 നവംബർ മുതൽ 2012 ഡിസംബർ 15 വരെ പി. റ്റി. സി യിൽ നിന്നും വാങ്ങാനുള്ള ധാരണയുണ്ടാക്കി. |

| | | | |
|---|---|---|---|
| (സി) | വേനൽക്കാലത്ത് മീഡിയം ടേം കരാറിനായി പവർ ട്രേഡിംഗ് കോർപ്പറേഷനെ സമീപിച്ചതെന്നാണ് ; മീഡിയം ടേം കരാർ ഒപ്പു വയ്ക്കാൻ കഴിയാതിരുന്നത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ ? | (സി) | വേനൽക്കാലത്ത് 'മീഡിയം ടേം ഓപ്പൺ അക്സസ്' നായി പവർ ഗ്രിഡ് കോർപ്പറേഷനെ സമീപിച്ചിട്ടുള്ളത് കെ. എസ്. ഇ. ബി യുമായി കരാറിലേർപ്പെട്ട ട്രേഡർമാർ മുഖാന്തിരമാണ്. 2012 ഏപ്രിൽ, മേയ് മാസങ്ങളിൽ വൈദ്യുതി കൊണ്ടുവരുന്നതിനു വേണ്ടി ഇവർ പവർ ഗ്രിഡ് കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിരുന്നു. മീഡിയം ടേം ഓപ്പൺ അക്സസിന് ആവശ്യപ്പെട്ട ട്രാൻസ്മിഷൻ ലൈൻ കപ്പാസിറ്റി ലഭ്യമല്ലാത്തതിനാൽ പവർ ഗ്രിഡ് കോർപ്പറേഷൻ മീഡിയം ടേം ഓപ്പൺ അക്സസിന് അനുമതി നല്കിയില്ല. |

സെക്ഷൻ ഓഫീസർ.

Q. No. 389 [illegible] - I

DETAILS OF MTOA APPLICATIONS GIVEN DURING 2011-2012 AND 2012-2013

| SL.N | Name of Trader | DURATION | MW | Remarks |
|---|---|---|---|---|
| 1 | NVVN | 1st.Sept12. to 31st.May13 | 52.00 | MTOA Sanction not received due to corridor congestion |
| 2 | NVVN | 1st.Sept.12 to 31st.May13 | 155.00 | MTOA Sanction not received due to corridor congestion |
| 3 | NVVN | 1st.Sept.12 to 31st.May2013 | 27.00 | MTOA Sanction not received due to corridor congestion |
| 4 | NVVN | 1st.Sept 12 to 31st.May2013 | 78.00 | MTOA Sanction not received due to corridor congestion |
| 5 | NVVN | 1st.Oct.12 to 31st.May2013 | 78.00 | MTOA Sanction not received due to corridor congestion |
| 6 | GLOBAL | 1st OCT 12 to 31st MAY 2013 | 150.00 | MTOA Sanction not received due to corridor congestion |
| 7 | PTC | 1STNOV 12 to May 2013 | 100.00 | MTOA Sanction not received due to corridor congestion |
| 8 | PTC | 1STNOV 12 to May 2013 | 100.00 | MTOA Sanction not received due to corridor congestion |
| 9 | PTC | 01.06.2013 to 31.05.2014 | 100.00 | 100MW Sanctioned from CSPTCL from 16.06.2013 to 31.05.2014 |
| 10 | PTC | 01.06.2013 to 31.05.2014 | 100.00 | 100MW Sanctioned from SEL for the period from 16.06.2013 to 31.05.2014 |
| 11 | SCL | 01.06.2013 to 31.05.2014 | 100.00 | PENDING |
| 12 | Sterlite energy ltd | 01.11.2013 to 31.10.2014 | 200.00 | NOC given on 23.11.2012 |
| 13 | PTC | 01.11.2013 to 31.10.2014 | 250.00 | NOC given on 26.11 2012 |
| 14 | JPL | 01.11.2013 to 31.10.2014 | 150.00 | NOC given on 28 11.2012 |

Section Officer